LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

155 (2393) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത 2014 ജൂൺ 30 വരെ എത്ര തുകയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് 31-ന് കടബാദ്ധ്യത എത്ര തുകയായിരുന്നു ;

(സി) വാണിജ്യ നികുതി ഇനത്തിൽ 2014 ജൂൺ 30 വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ട് ;

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് എത്ര തുകയ്ക്കാണ് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത 2014 ജൂൺ 30 വരെ 1,21,603.23 കോടി രൂപയായിരുന്നു.

(ബി) 2011 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78,673.24 കോടി രൂപയായിരുന്നു.

(സി) വാണിജ്യ നികുതി ഇനത്തിൽ 2014 ജൂൺ 30 വരെ 6459.25 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് 276.82 കോടി രൂപയ്ക്കാണ്.

സംസ്ഥാനത്തിന്റെ റവന്യൂകമ്മിയും ആളോഹരികടവും

156 (2394) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ആളോഹരി കടം എന്നിവ എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ആളോഹരികടം എന്നിവ എത്ര വീതമായിയെന്നു വിശദമാക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോഴുള്ള കാലയളവിലെ 31-3-2011-ലെ കണക്ക് പ്രകാരം, റവന്യൂ കമ്മി 3,673.86 കോടി രൂപയും ആളോഹരികടം 23,564 രൂപയുമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെയുള്ള റവന്യൂ കമ്മി 6,349.10 കോടി രൂപയാണ്. ഇപ്പോഴത്തെ ആളോഹരി കടം 35, 754 രൂപയാണ്.